## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2746** — **06.11.2019-ൽ മറുപടിയ്ക്ക്.**

# ക്ഷീരഗ്രാമം പദ്ധതി

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**

**ഉത്തരം**

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(എ) ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിനായി ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | രണ്ടു പശു യൂണിറ്റ് | 69,000/- |
| 2 | അഞ്ച് പശു യൂണിറ്റ് | 1,84,000/- |
| 3 | കോമ്പോസിറ്റ് യൂണിറ്റ് ( 1 പശു + 1 കിടാരി ) | 53,000/- |
| 4 | കോമ്പോസിറ്റ് യൂണിറ്റ് ( 3 പശു + 2 കിടാരി) | 1,50,000/- |
| 5 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 രൂപ |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 രൂപ |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 രൂപ |
| 8 | ധാതുലവണ മിശ്രിത വിതരണം | 100 രൂപ/kg. |
| 9 | ഉരുക്കൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ധനസഹായം | 25,000/-രൂപ |

| | | | |
|---|---|---|---|
| (ബി) | ക്ഷീരഗ്രാമം പദ്ധതി കോതമംഗലം മണ്ഡലത്തിൽ എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കോതമംഗലം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (സി) | ക്ഷീരകർഷകർ ഏറെ ഉള്ളതും,എറണാകുളം ജില്ലയുടെ കിഴക്കൻ മലയോര പ്രദേശവുമായ കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**